# പതിമൂന്നാം കേരള നിയമസഭ
## പതിനൊന്നാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ.6241 08-07-2014-ൽ മറുപടിക്ക്

### ലഹരി വിരുദ്ധ ബോധവത്ക്കരണ ശാക്തീകരണം

| ചോദ്യം: | ഉത്തരം: |
|---|---|
| ശ്രീ. പാലോട് രവി:<br>" റ്റി. എൻ. പ്രതാപൻ:<br>" കെ. മുരളീധരൻ:<br>" ലൂഡി ലൂയിസ്: | ശ്രീ. കെ. ബാബു<br>(മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പു മന്ത്രി) |
| (എ) ലഹരി വിരുദ്ധ ബോധവത്ക്കരണ ശാക്തീകരണത്തിന് എന്തെല്ലാം കർമ്മപദ്ധതികളാണ് ആസൂത്രണം ചെയ്തിരിക്കുന്നതെന്ന് വിശദമാക്കുമോ; | (എ) ലഹരി വിരുദ്ധ ബോധവൽക്കരണത്തിലൂടെ ലഹരി വിമുക്ത കേരളം സാക്ഷാത്കരിക്കുന്നതിനായി സ്കൂൾ-കോളേജ് തലത്തിൽ ലഹരി വിരുദ്ധ ക്ലബ്ബുകൾ വഴിയുള്ള ബോധവൽക്കരണം, കെ.എസ്.ആർ.റ്റി.സി. ബസ് സ്റ്റാന്റുകൾ, റെയിൽവേ സ്റ്റേഷൻ എന്നിവിടങ്ങളിൽ സി.സി.ടി.വി. മുഖേന ലഹരി വിരുദ്ധ ബോധവൽക്കരണ സന്ദേശങ്ങൾ സംപ്രേക്ഷണം ചെയ്യുക, റെയിൽവേ സ്റ്റേഷനുകളിലെ ബോധവൽക്കരണ അനൗൺസ്മെന്റ്, ദൃശ്യ-ശ്രവ്യ അച്ചടി മാധ്യമങ്ങളിലൂടെയുള്ള ബോധവൽക്കരണം, പട്ടികജാതി/പട്ടികവർഗ്ഗ കോളനികൾ, ആദിവാസി-പിന്നോക്ക മേഖലകൾ എന്നിവിടങ്ങളിൽ പ്രത്യേക ബോധവൽക്കരണ പരിപാടികൾ, സന്നദ്ധ സംഘടനകൾ, കുടുംബശ്രീ, റസിഡന്റ്സ് അസോസിയേഷൻ, തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ, സർക്കാർ ഏജൻസികൾ, നാഷണൽ സർവ്വീസ് സ്കീം, സ്റ്റുഡന്റ് പോലീസ് കേഡറ്റ് എന്നിവയുമായി സഹകരിച്ചുള്ള ബോധവൽക്കരണം എന്നീ കർമ്മപദ്ധതികളാണ് ആസൂത്രണം ചെയ്തിരിക്കുന്നത്. |
| (ബി) ഇതിനായി ഒരു പുതിയ വിഭാഗം എക്സൈസ് വകുപ്പിൽ സൃഷ്ടിച്ചിട്ടുണ്ടോ; വിശദാംശങ്ങൾ എന്തെല്ലാം; | (ബി) ഉണ്ട്. എക്സൈസ് വകുപ്പിൽ, ഒരു ജോയിന്റ് എക്സൈസ് കമ്മീഷണർക്കാണ്, സംസ്ഥാനത്ത് ലഹരി വിരുദ്ധ ബോധവൽക്കരണ പരിപാടിയുടെ നടത്തിപ്പ് ചുമതല. ടി ജോയിന്റ് എക്സൈസ് കമ്മീഷണറുടെ നേതൃത്വത്തിൽ എക്സൈസ് കമ്മീഷണർ ആഫീസിൽ അവയർനെസ് പ്രോഗ്രാം കോ-ഓർഡിനേഷൻ എന്ന ഒരു പ്രത്യേക വിഭാഗം രൂപീകരിച്ച് പ്രവർത്തിച്ചു വരുന്നു. സംസ്ഥാന തലത്തിൽ ലഹരിവിരുദ്ധ |

ബോധവൽക്കരണ പ്രവർത്തനങ്ങൾ ടി വിഭാഗത്തിന്റെ മേൽനോട്ടത്തിൽ ഏകോപിപ്പിച്ച് നടപ്പിലാക്കി വരുന്നു. ജില്ലാ തലങ്ങളിലെ ബോധവൽക്കരണ ചുമതല അതാത് ഡെപ്യൂട്ടി എക്സൈസ് കമ്മീഷണറുടെ മേൽനോട്ടത്തിലാണ് നടപ്പിലാക്കി വരുന്നത്.

(സി) എന്തെല്ലാം പ്രവർത്തനങ്ങളാണ് പ്രസ്തുത വിഭാഗം നടത്തി വരുന്നതെന്ന് വിശദമാക്കുമോ;

(സി) സ്കൂൾ-കോളേജ് തലത്തിൽ ലഹരി വിരുദ്ധ ക്ലബ്ബുകൾ വഴിയുള്ള ബോധവൽക്കരണം, കെ.എസ്.ആർ.റ്റി.സി. ബസ് സ്റ്റാന്റുകൾ, റെയിൽവേ സ്റ്റേഷൻ എന്നിവിടങ്ങളിൽ സി.സി.ടി.വി. മുഖേന ലഹരി വിരുദ്ധ ബോധവൽക്കരണ സന്ദേശങ്ങൾ സംപ്രേക്ഷണം ചെയ്യുക, റെയിൽവേ സ്റ്റേഷനുകളിലെ ബോധവൽക്കരണ അനൗൺസ്മെന്റ്, ദൃശ്യ-ശ്രവ്യ അച്ചടി മാധ്യമങ്ങളിലൂടെയുള്ള ബോധവൽക്കരണം, പട്ടികജാതി/പട്ടികവർഗ്ഗ കോളനികൾ, ആദിവാസി-പിന്നോക്ക മേഖലകൾ എന്നിവിടങ്ങളിൽ പ്രത്യേക ബോധവൽക്കരണ പരിപാടികൾ, സന്നദ്ധ സംഘടനകൾ, കുടുംബശ്രീ, റസിഡന്റ്സ് അസോസിയേഷൻ, തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ, സർക്കാർ ഏജൻസികൾ, നാഷണൽ സർവ്വീസ് സ്കീം, സ്റ്റുഡന്റ് പോലീസ് കേഡറ്റ് എന്നിവയുമായി സഹകരിച്ചുള്ള ബോധവൽക്കരണം എന്നീ കർമ്മപദ്ധതികളാണ് പ്രസ്തുത വിഭാഗം ആസൂത്രണം ചെയ്തു നടത്തി വരുന്നത്.

(ഡി) ആരെല്ലാമാണ് ഇവരുടെ പ്രവർത്തനവുമായി സഹകരിക്കുന്നത്; വിശദാംശങ്ങൾ എന്തെല്ലാം?

(ഡി) സന്നദ്ധ സംഘടനകൾ, കുടുംബശ്രീ, റസിഡന്റ്സ് അസോസിയേഷനുകൾ, തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ, സർക്കാർ ഏജൻസികൾ, നാഷണൽ സർവ്വീസ് സ്കീം, സ്റ്റുഡന്റ് പോലീസ് കേഡറ്റ് എന്നിവരുമായി സഹകരിച്ചുള്ള ബോധവൽക്കരണ പ്രവർത്തനങ്ങളാണ് നടത്തി വരുന്നത്.

സെക്ഷൻ ആഫീസർ